LIBRARY ARCHIVES Kerala Legislative Assembly

നീര ടോഡി ബോർഡ്

94 (2913) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നീര ടോഡി ബോർഡ് പ്രാബല്യത്തിൽ വന്നിട്ടുണ്ടോ ?

ഉത്തരം

തെങ്ങുകൃഷി കൂടുതൽ ആദായകരമായി നടത്തുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുന്നതിനും നീരയെ ഒരു ആരോഗ്യ പാനീയമെന്ന നിലയിൽ സംസ്ഥാനത്തും രാജ്യത്തെ ഇതരഭാഗങ്ങളിലും വിപണനം ചെയ്യുവാനുള്ള സാഹചര്യം ഒരുക്കുകയെന്ന ലക്ഷ്യത്തോടുംകൂടി കൃഷി-എക്സൈസ് വകുപ്പുകളെ ഏകോപിപ്പിച്ച്, കാർഷികോല്പാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും നാളീകേര നീര ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18-5-2015-ൽ കൂടിയ ഉന്നതതല യോഗത്തിന്റെ അടിസ്ഥാനത്തിൽ ടി ബോർഡിനെ നിലവിലുള്ള ഉദ്ദേശലക്ഷ്യത്തോടുകൂടി പുനഃസംഘടിപ്പിച്ച് നീര ബോർഡും കള്ളുചെത്ത് വ്യവസായത്തെ സംരക്ഷിക്കുന്നതിനായി ടോഡി ബോർഡും രൂപീകരിക്കുവാൻ 22-6-2015-ലെ ജി.ഒ.(എം.എസ്.) നമ്പർ 111/2015/കൃഷി ഉത്തരവ് പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

നീര ഉൽപ്പാദനത്തിന് ലൈസൻസ്

95 (2914) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നീര ഉൽപ്പാദനത്തിന് ലൈസൻസ് നൽകിയത് സംബന്ധിച്ചുള്ള ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ;

(ബി) കോഴിക്കോട് ജില്ലയിലെ എത്ര സംഘങ്ങൾക്കാണ് ലൈസൻസ് കൊടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ജില്ലയിൽ ലൈസൻസിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(ഡി) എത്ര അപേക്ഷകളിന്മേൽ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നാളിതുവരെ 173 നാളികേര ഉൽപ്പാദക ഫെഡറേഷനുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ടി 173 നാളികേര ഉൽപ്പാദക ഫെഡറേഷനുകളിൽ 168 എണ്ണത്തിന് ലൈസൻസ് നൽകുകയും അവയിൽ 163 എണ്ണത്തിന് 2015-16 വർഷത്തേക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടുമുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു :

ജില്ല	നീര ഉൽപ്പാദനത്തിനായി സർക്കാർ അനുമതി നൽകിയ ലൈസൻസുകളുടെ എണ്ണം	നൽകിയ ലൈസൻസുകളുടെ എണ്ണം	2015-16 വർഷത്തേക്ക് ലൈസൻസ് ദീർഘിപ്പിച്ചു നൽകിയ ലൈസൻസുകളുടെ എണ്ണം
തിരുവനന്തപുരം	11	11	10
കൊല്ലം	11	7	5
പത്തനംതിട്ട	1	1	1
ആലപ്പുഴ	15	15	15
കോട്ടയം	1	1	1
ഇടുക്കി	1	1	1
എറണാകുളം	7	7	7
തൃശ്ശൂർ	19	19	18
പാലക്കാട്	14	13	13
കോഴിക്കോട്	45	45	44
മലപ്പുറം	28	28	28
വയനാട്	1	1	1
കണ്ണൂർ	8	8	8
കാസർഗോഡ്	11	11	11
ആകെ	173	168	163

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോഴിക്കോട് ജില്ലയിൽ 45 നാളികേര ഉൽപ്പാദക ഫെഡറേഷനുകൾക്ക് ലൈസൻസ് നൽകുകയും അവയിൽ 44 എണ്ണത്തിന് 2015-16 വർഷത്തേക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളതുമാകുന്നു.

(സി) കോഴിക്കോട് ജില്ലയിൽ നീര ലൈസൻസിനായി 87 അപേക്ഷകൾ ലഭിച്ചു.

(ഡി) കോഴിക്കോട് ജില്ലയിൽ 44 അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ 22-6-2015-ലെ ജി.ഒ.(എം.എസ്.) നമ്പർ 11/2015/കൃഷി നമ്പർ ഉത്തരവ് പ്രകാരം നീര ലൈസൻസിനായി അപേക്ഷിച്ചിട്ടുള്ള എല്ലാ നാളികേര ഉല്പാദക ഫെഡറേഷനുകൾക്കും ലൈസൻസ് നൽകുവാൻ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ വെളിച്ചത്തിൽ ശേഷിക്കുന്ന അപേക്ഷകളിന്മേൽ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

ലഹരി വസ്തുക്കളുടെ ഉൽപ്പാദനവും വിപണനവും

96 (2915) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലഹരി വസ്തുക്കളുടെ ഉൽപ്പാദനവും വിപണനവും തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഇതിനായുള്ള പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി കൃത്യമായ ഇടവേളകളിൽ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ചേർക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇതിനകം നടപടി സ്വീകരിച്ചുവെങ്കിൽ അവ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലഹരി വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും തടയുന്നതിനായി സംസ്ഥാനത്തെ എല്ലാ എക്സൈസ് ഡിവിഷനുകളിലും ഊർജ്ജിതമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തുന്നുണ്ട്. നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമേ എല്ലാ ഡിവിഷനുകളിലും രാത്രികാല വാഹന പരിശോധന നടത്തുന്നതിനും പട്രോളിംഗിനുമായി സ്പെക്കിംഗ് ഫോഴ്സുകൾ പ്രവർത്തിക്കുന്നുണ്ട്. പകലും രാത്രിയും വിവിധ എക്സൈസ് പാർട്ടികൾ ദേശീയ പാതയിലും മറ്റ് പ്രധാന റോഡുകളിലും വാഹന പരിശോധന നടത്തുന്നുണ്ട്. കേരളത്തിലേക്ക് ലഹരി വസ്തുക്കൾ ചെറുവാഹനങ്ങളിൽ സംസ്ഥാനത്തിന്

LIBRARY ARCHIVES Kerala Legislative Assembly